0/L

[redacted]

KERALA BANK
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KSCB/HO/HR/ 4677/2025-26 21.08.2025

(Registered with A/D)

**കുറ്റാരോപണ മെമ്മോ**

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കണ്ണൂർ റീജിയൺ പരിധിയിൽ തലശ്ശേരി ശാഖയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന **ശ്രീ.രാധാകൃഷ്ണൻ.എം** ( ID No.04017) എന്ന താങ്കൾ മുൻകൂർ അവധി അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. താങ്കളുടെ മേൽ പ്രവർത്തികൾ ശാഖയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ഇടപാടുകാർക്ക് നൽകേണ്ട സേവനങ്ങളിൽ കുറവ് സംഭവിക്കുന്നതിനും ഇടയായിട്ടുണ്ട്. ശ്രീ.രാധാകൃഷ്ണൻ.എം എന്ന താങ്കൾ അനാരോഗ്യം ചൂണ്ടിക്കാട്ടി നൽകിയ 26.06.2024 തീയതിയിലെ അപേക്ഷയിൽ 22.06.2024 മുതൽ 30.06.2024 വരെ അർദ്ധവേതന അവധിയും തുടർന്ന് 01.07.2024-ലെ അപേക്ഷയിൽ 01.07.2024 മുതൽ 31.08.2024 വരെ ശൂന്യവേതന അവധിയും അപേക്ഷിച്ചിരുന്നു. എന്നാൽ താങ്കൾ സമർപ്പിച്ച അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ, ആയത് ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കാത്ത സാഹചര്യത്തിൽ അവധി അനുവദിച്ചിരുന്നില്ല. തുടർന്നും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ താങ്കൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ ബാങ്ക് തീരുമാനിക്കുകയും ആയതിലേയ്ക്ക് താങ്കൾക്ക് 23.05.2025 ൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതും എന്നാൽ ടി രജിസ്റ്റേർഡ് നോട്ടീസ് താങ്കൾ മന:പൂർവ്വം കൈപ്പറ്റാതിരിക്കുകയും ആയത് 'Unclaimed' എന്ന കുറിപ്പോടെ മടങ്ങിയിട്ടുള്ളതുമാണ്. നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ വിശദീകരണം സമർപ്പിക്കുന്നതിനാണ് നോട്ടീസിൽ നിർദ്ദേശിച്ചിരുന്നത്.

മുൻകൂർ അനുമതി വാങ്ങാതെ അനധികൃതമായും മനപൂർവ്വവും ജോലിയ്ക്ക് ഹാജരാകാതെയിരിക്കുന്നത് ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 7-ന്റെയും, 44(d) (f) ന്റെയും ലംഘനവുമാണ്. കൂടാതെ സ്റ്റാഫ് റെഗുലേഷൻ Clause 55(1)(f)(g) എന്നിവ പ്രകാരം ഗുരുതര അച്ചടക്ക ലംഘനത്തിന്റെ നിർവ്വചനത്തിൽ വരുന്നതുമാണ്.

Clause 7:- Every employee of the Bank shall conform to and abide by these regulations and shall observe, comply with and obey all orders and directions which may, from time to time, be given to him by any person or persons under whose supervision and control he may, for the time being, be placed.

Clause 44(d) :- Leave will ordinarily be granted on previous written application only.

Clause 44(f) :- An employee who is in charge of cash should not absent himself from station overnight or leave his headquarters, even during holidays, without obtaining previous sanctioning writing from the competent authority.

Clause 55(1)(f) :- Willful insubordination or disobedience of any lawful and reasonable order of a superior or misbehaviour with any employee of the Bank.

Clause 55(1)(g) :- Any other act or omission on the part of the employee considered as gross misconduct by the competent authority.

ബാങ്കിലെ ഒരു ഉത്തരവാദത്വപ്പെട്ട ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ മേൽപ്പറഞ്ഞ പ്രവർത്തികൾ അത്യധികം ഗൗരവതരമായ ചട്ടലംഘനവും ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. ആയതിനാൽ മുകളിൽ പരാമർശിക്കപ്പെട്ട കുറ്റാരോപണത്തിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ Kerala State Co-operative Bank Staff Regulation, KCS Act, എന്നിവയിലെ പ്രസക്തമായ വ്യവസ്ഥകൾപ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ നൽകാൻ തീരുമാനിച്ചിരിക്കുന്നു.

ഈ കുറ്റാരോപണ മെമ്മോയുടെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരായി അച്ചടക്ക നടപടി കൈക്കൊള്ളാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ കുറ്റാരോപണ മെമ്മോ കൈപ്പറ്റി 15 ദിവസത്തിനകം നിയമനാധികാരി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതാണ്. മേൽ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ മറുപടി ലഭിക്കാത്തപക്ഷം താങ്കൾക്ക് ഈ കുറ്റാരോപണമെമ്മോയ്ക്കുമേൽ യാതൊന്നും ബോധിപ്പിക്കുവാനോ വിശദീകരിക്കാനോ ഇല്ല എന്ന അനുമാനത്തിൽ താങ്കൾക്കെതിരെ ഉചിതമായ തുടർനടപടി കൈക്കൊള്ളുന്നതാണ്.

ഈ കുറ്റാരോപണ മെമ്മോയോടൊപ്പം താങ്കൾക്കെതിരെ ഉന്നയിച്ചിരിക്കുന്ന അച്ചടക്ക ലംഘനത്തിന് അടിസ്ഥാനമായ കുറ്റാരോപണ പത്രികയും (അനുബന്ധം 1) ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കൈപ്പറ്റി ഒരു രസീത് ഉടൻ തന്നെ നൽകണമെന്നും ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 25/8/25
(നിയമന അധികാരി)

Kerala State Co-operative Bank Head Office Thiruvananthapuram

Sri.Radhakrishnan.M
Kollaroth Aramam
Nidumbram, Chokli.P.O
Thalassery, Kannur
Pin-670 672

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KSCB/HO/HR/4680/2025-26 21.08.2025

**കുറ്റാരോപണ പത്രിക**

**(അനുബന്ധം-1)**

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കണ്ണൂർ റീജിയണൽ പരിധിയിൽ തലശ്ശേരി ശാഖയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ചുമതല നൽകപ്പെട്ട **ശ്രീ.രാധാകൃഷ്ണൻ.എം** ( ID No.04017) എന്ന താങ്കൾക്ക് നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് അനുബന്ധമായ കുറ്റാരോപണ പത്രിക.

താങ്കൾ മുൻകൂർ അവധി അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. താങ്കളുടെ മേൽ പ്രവർത്തികൾ ശാഖയുടെ സുഖമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ഇടപാടുകാർക്ക് നൽകേണ്ട സേവനങ്ങളിൽ കുറവ് സംഭവിക്കുന്നതിനും ഇടയായിട്ടുണ്ട്.

ശ്രീ.രാധാകൃഷ്ണൻ.എം ( ID No.04017) എന്ന താങ്കൾ അനാരോഗ്യ കാരണങ്ങൾ ചൂണ്ടിക്കാട്ടി 26.06.2024 തീയതിയിൽ നൽകിയ അവധി അപേക്ഷയിൽ 22.06.2024 മുതൽ 30.06.2024 വരെ അർദ്ധവേതന അവധിയും തുടർന്ന് 01.07.2024-ലെ അപേക്ഷയിൽ 01.07.2024 മുതൽ 31.08.2024 വരെ ശൂന്യവേതന അവധിയും അപേക്ഷിച്ചിരിന്നു. എന്നാൽ അനാരോഗ്യകാരണങ്ങൾ മുൻനിർത്തി സമർപ്പിച്ച അപേക്ഷയോടൊപ്പം നിയമപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ അവധി അനുവദിച്ചിരുന്നില്ല.

1) 22.06.2024 മുതൽ നാളിതുവരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ തുടരുന്ന താങ്കളുടെ പ്രവർത്തി ബാങ്ക് സ്റ്റാഫ് റെഗുലേഷന്റെ ഗുരുതരമായ ലംഘനമാണ്.
2) മുൻകൂർ അനുമതി വാങ്ങാതെ അനധികൃതമായും, മന:പൂർവ്വവും ജോലിയ്ക്ക് ഹാജരാകാതെയിരിക്കുന്നത് ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 7, 44(d) 44(f) എന്നിവയുടെ ലംഘനവും Clause 55(1) (f) (g) എന്നിവ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനവുമാകുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

(നിയമന അധികാരി)

Sri.Radhakrishnan.M
Kollaroth Aramam
Nidumbram, Chokli.P.O
Thalassery, Kannur-670 672